## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 423 06.02.2013-ൽ മറുപടിയ്ക്ക്

### കെ.എസ്.ഇ.ബി യുടെ ട്രാൻസ്മിഷൻ സ്റ്റോർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) അങ്കമാലി ചമ്പന്നൂർ വ്യവസായ മേഖലയോട് ചേർന്നു കിടക്കുന്നതും 1970 ൽ പ്രവർത്തനം ആരംഭിച്ചതുമായ കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ സ്റ്റോർ പ്രവർത്തിക്കുന്ന 16 ഏക്കറോളം സ്ഥലം ഉപയോഗയോഗ്യമാക്കുന്നതിനായി നിരവധി നിവേദനങ്ങൾ സമർപ്പിച്ചിട്ടും ഇത് പരിഗണിക്കുന്നതിലെ കാലതാമസം വിശദമാക്കാമോ; | (എ) (എ) കെ.എസ്.ഇ.ബി.യുടെ ട്രാൻസ്മിഷൻ സ്റ്റോർ (അങ്കമാലി) പ്രവർത്തിക്കുന്ന 15 ഏക്കറോളം വരുന്ന സ്ഥലം ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. പ്രസരണ മേഖലയ്ക്ക് ആവശ്യമായ സാധനസാമഗ്രികൾ സൂക്ഷിക്കുകയും ആവശ്യക്കാർക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. |
| (ബി) ഈ സ്ഥലം ഉപയോഗയോഗ്യമാക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (ബി) സ്റ്റോറുകളുടെ മൊത്തം പ്രവർത്തനം പുനഃക്രമീകരിച്ചു വരികയാണ്. അതിന്റെ ഭാഗമായി അങ്കമാലി ട്രാൻസ്മിഷൻ സ്റ്റോറിന്റെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ ആധുനിക രീതിയിലുള്ള ടെസ്റ്റിംഗ് സംവിധാനം ഉണ്ടാക്കുവാനും ആലോചിക്കുന്നു. ബോർഡിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി മറികടക്കുന്ന മുറയ്ക്ക് മാത്രമേ ഇത്തരം പ്രവർത്തികളുമായി മുന്നോട്ടു പോകാനാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.